Movie Review - TB Movie Panel

**Birbal Trilogy Case 1: Finding Vajramuni**

8 വർഷങ്ങൾക്ക് മുൻപ് ബാംഗ്ളൂർ നഗരത്തിൽ ഒരു കൊലപാതകം നടന്നു. ഒരു ടാക്സി ഡ്രൈവറെ പാതി രാത്രിയിൽ ആരോ കുത്തിക്കൊന്നു. വഴിയിൽ വെച്ച് ഇത് കണ്ടുടൻ പോലീസിനെ വിളിച്ചുപറഞ്ഞ വിഷ്ണു എന്ന ബാർ ജീവനക്കാരനെ പോലീസ് ഈ കേസിൽ പ്രതിയാക്കി ജയിലടച്ചു.

മഹേഷ്ദാസ് എന്ന യുവ അഭിഭാഷകന് ജീവിതത്തിൽ ആദ്യമായി ഒരു കേസ് ലഭിച്ചത് ഇതായിരുന്നു. ജയിൽ ശിക്ഷ അനുഭവിച്ചു തീർത്ത പ്രതിക്ക് കൊലപാതക കേസിലെ നഷ്ടപരിഹാര തുകക്ക് അല്പം സാവകാശം കോടതിയിൽ നിന്ന് വാങ്ങിച്ചു കൊടുക്കുക. തികച്ചും നിസാരമായ ഒരു കേസ് ആയിരുന്നു ഇത്.

തന്റെ കൈയിൽ എത്തിയ കേസിനെ പറ്റി മഹേഷ് ദാസിന്റെ അന്വേഷണങ്ങൾ തുടങ്ങുന്നതോടെ സിനിമ ഒരു കിടിലൻ ത്രില്ലർ ആയി മാറാൻ തുടങ്ങുന്നു.. പല വഴിത്തിരിവുകളിലൂടെ ഒരുപാട് ഞെട്ടിക്കുന്ന  കഥകളായിരുന്നു ടാക്സി ഡ്രൈവർ വധ കേസിനു പറയാൻ ഉണ്ടായിരുന്നത്.

ഈ ചിത്രത്തിലെ നായകനായും സംവിധായകനായും തിളങ്ങിയ MG ശ്രീനിവാസ് എന്ന ചെറുപ്പക്കാരൻ കന്നട സിനിമയുടെ കൂടി ഭാവിയാണ് എന്ന് പറയാതെ വയ്യ. 3 ഭാഗങ്ങൾ ഉള്ള സിനിമയുടെ ആദ്യ ഭാഗം മാത്രമാണ് Birbal Case 1: Finding varjramuni എന്നത്.  Case 2: Avrn bitt, Ivrn bitt, Ivryaru?,  Case 3: Turremane ഇവ വരും വർഷങ്ങളിൽ പുറത്തിറങ്ങാനുള്ളവയാണ്.

ഒരേ കഥ പലരുടെ കാഴ്ച്ചപ്പാടിലൂടെ അവതരിപ്പിക്കുന്ന Rashomon effect എന്ന ആഖ്യാന രീതി തന്നെയാണ് ഇവിടെയും മികച്ച രീതിയിൽ  ഉപയോഗിക്കപെട്ടിരിക്കുന്നത്.

കർണാടകയിൽ പരമോന്നത സൈനിക ബഹുമതിയായ അശോക ചക്രം ലഭിച്ച ആദ്യ വ്യക്തിയായ കേണൽ വസന്ത് വേണുഗോപാലിന്റെ മകൾ രുക്മണി വസന്ത് ആണ് അഡ്വക്കേറ്റ് ജാൻവി എന്ന നായിക കഥാപാത്രം ചെയ്തിരിക്കുന്നത്. സൗരഭ്, കലാചാരൻ എന്നിവർ ഒരുക്കി music ആദ്യാവസാനം അതിന്റെ ത്രില്ലിംഗ് മൂഡ് നിലനിർത്താൻ സഹായിച്ചിട്ടുണ്ട്..